Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Ph: 8075303289

15.2.2018

Sir,

Ref: 1) G.O.(Ms)No. 194/67/Home dated 22.6.1967.
2) Judgment in O.P.No.9560 of 1988-S High Court of Kerala.
3) Circular F4/129/2017/I&PRD/HAJMUNISA ALI AKBAR (JOINT SECRETARY)
4) Conditions for Issue of Loud-speaker Licence Notification U6-30380 dtd. 28.11.2002.

**സ്വഭവനത്തിൽ സ്വൈരമായി കഴിയാനുള്ള മനുഷ്യാവകാശം**

എന്റെ അപേക്ഷ സ്വീകരിച്ച് അടിയന്തിരമായി നടപടികൾ കൈക്കൊള്ളണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

ശബ്ദമലിനീകരണം നിയന്ത്രിക്കാൻ കളക്ടർ സ്ക്വാഡ് രൂപീകരിച്ചതായ വാർത്ത 13-ാം തീയതി പത്രങ്ങളിൽ വന്നതനുസരിച്ച് അതിൽ കണ്ട ഫോൺ: 6062606 ൽ നോയിസ് പൊലൂഷൻ റൂൾസ് 2000 ലംഘിച്ച് ഉച്ചഭാഷിണി ഉപയോഗിച്ചതിനെതിരെ പരാതി നൽകാനായി ശ്രമിച്ചപ്പോൾ "*ക്ഷമിക്കണം താങ്കൾ ഡയൽ ചെയ്ത നമ്പർ താൽക്കാലികമായി ഉപയോഗത്തിലില്ല*" എന്ന സന്ദേശമാണ് ലഭിച്ചത്. തുടർന്ന് Email ആയി കളക്ടർക്ക് വിശദമായ പരാതി സമർപ്പിച്ചശേഷം കളക്ടറുടെ കാര്യാലയത്തിൽ 14.2.2018-ാം തീയതി 11:26 നും 11:49 നും ഫോൺ: 2731177 ൽ വിളിച്ച് പരാതി സമർപ്പിച്ചിട്ടുണ്ടെന്നും നടപടി വേണമെന്നും ആവശ്യപ്പെട്ടിരുന്നു. പത്രവാർത്ത യിൽ നൽകിയിരുന്ന ഫോൺ: 6062606 ലഭ്യമല്ലെന്നും പൊതുജനങ്ങൾ എങ്ങിനെയാണ് സ്ക്വാഡിൽ പരാതി നൽകുകയെന്നും ചോദിച്ചപ്പോൾ കൺട്രോൾ റൂമിൽ അറിയിച്ചാൽ മതിയെന്ന മറുപടി ലഭിക്കുകയും, അങ്ങിനെ കൺട്രോൾ റൂം ഫോൺ: 2730045 ൽ വിളിച്ച് ഞാൻ 11.2.2018, 12.2.2018 തീയതികളിൽ പരാതി സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന് നടപടിയൊന്നും എടു ത്തിട്ടില്ലെന്നും പരാതി കളക്ടർ രൂപീകരിച്ച സ്ക്വാഡിന് നൽകണമെന്നും ആവശ്യപ്പെട്ടപ്പോൾ അതിന്റെ വിവരമൊന്നും അവർക്കറിയില്ലെന്നും ലഭിക്കുന്ന പരാതി അതാത് പൊലീസ് സ്റ്റേഷൻ/വില്ലേജ്/താലൂക്ക് എന്നിവിടങ്ങളിൽ അറിയിക്കുക മാത്രാണ് അവർ ചെയ്യുന്നത് എന്നു മാണ് അറിയാൻ കഴിഞ്ഞത്.

അങ്ങനെയെങ്കിൽ ശബ്ദമലിനീകരണം നിയന്ത്രിക്കാൻ കളക്ടർ സ്ക്വാഡ് രൂപീകരിച്ചു എന്ന് പത്രങ്ങളിൽ വന്ന വാർത്ത വെറും തട്ടിപ്പോ?

**അല്ല, ആ വാർത്ത ശരിയാണ് എങ്കിൽ, ഹൈടെക് സംവിധാനങ്ങൾ സജ്ജീകരിച്ച് ട്രാഫിക് നിയമം ലംഘിക്കുന്നവരുടെ മേൽവിലാസത്തിൽ നോട്ടീസ് അയച്ച് പിഴയടപ്പിക്കുന്നത് പോലെ, നോയിസ് പൊലൂഷൻ റൂൾസ്-2000 ലംഘനം നടത്തുന്നവർക്കെതിരെ, (അവരെ നേരിട്ട് ചെന്ന് നിയന്ത്രിക്കാനോ തട സ്സപ്പെടുത്താനോ ശ്രമിക്കാതെ) വിവരങ്ങൾ ശേഖരിച്ച് നോട്ടീസ് അയച്ച് പിഴയ ടപ്പിക്കാനും, 5 വർഷം വരെ തടവോ ഒരു ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ എന്ന ശിക്ഷ ലഭിക്കുമാറ് അധികാരമുള്ള പോലീസ് ഉദ്യോഗ സ്ഥരെക്കൊണ്ട് (Dy SP and above) സ്വമേധയാ Kerala Police Act, Noise**

**Pollution Rules-2000** എന്നിവ പ്രകാരം കേസെടുപ്പിക്കാനും **കളക്ടർ രൂപീകരിച്ച Squad ന് കഴിയണം.**

ആരാധനാലയങ്ങളിൽ കുമിഞ്ഞ് കൂടുന്ന കള്ളപണത്തിന്റെ അഹങ്കാരമാണ് ഉച്ചഭാഷിണികളുടെ എണ്ണവും തീവ്രതയും ഇത്രയും വർദ്ധിക്കാൻ കാരണം. ടാക്സ് പോലും ഈടാക്കാനാവാത്ത ആ പണത്തിന്റെ ചെറിയൊരംശമെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന സർക്കാർ ഖജനാവിൽ എത്തേണ്ടതാണ്.

ട്രാഫിക് നിയമം ലംഘിക്കുന്നവർക്കെതിരെ കേസെടുക്കുന്നത് പൊതുജനങ്ങിൽ നിന്ന് പരാതി ലഭിച്ചിട്ടല്ല. അതുപോലെ ഇക്കാര്യത്തിലും പരാതിക്കാരനെ കേസിൽ പെടുത്തി ബുദ്ധിമുട്ടിക്കാതെ രഹസ്യമായി വിവരങ്ങൾ ശേഖരിച്ച് സ്വമേധയാ കേസെടുക്കാൻ ടി സ്ക്വാഡിന് കഴിയണം.

**അതിനായി കളക്ടർ രൂപീകരിച്ച സ്ക്വാഡിന്റെ ഫോൺ നമ്പർ അടിയന്തിരമായി എല്ലാ മാധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്തുകയും, കേരള സർക്കാർ വെബ്സൈറ്റിൽ അനോണിമസ് ആയി പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കാൻ സംവിധാനം ഒരുക്കേണ്ടതുമാണ്.**

Yours truly,



(Subhash S)

ദേശാഭിമാനി

13 TUESDAY, FEBRUARY 2018
ABOUT US E-PAPER



Like Share 0

# സ്ക്വാഡുകൾ ഇന്നുമുത

Tuesday Feb 13, 2018

വെബ് ഡെസ്ക്

ൽ

തിരുവനന്തപുരം > പരീക്ഷക്കാലം മുൻനിർത്തി ശബ്ദമലിനീകരണത്തിനെതിരെ കർശന നടപടികൾക്ക് ജില്ലാ കേന്ദ്രം ഒരുങ്ങുന്നു. ഉച്ചഭാഷിണികൾ അനുവദനീയമായ തോതിലും കൂടുതൽ ശബ്ദത്തിൽ ഉപയോഗിക്കുന്നത് പരിശോധിക്കുന്നതിന് അസി. കലക്ടർ അനുപം മിശ്രയുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചതായി കലക്ടർ കെ വാസുകി അറിയിച്ചു.

സ്ക്വാഡ് ചൊവ്വാഴ്ച മുതൽ വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തും. തഹസീൽദാർ, സ്റ്റേഷൻഹൗസ് ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധികൾ എന്നിവരടങ്ങുന്നതാണ് സ്ക്വാഡ്. പൊതുനിരത്തുകളിൽ 75 ഡെസിബലിലും ജനവാസകേന്ദ്രങ്ങളിൽ 65 ഡെസിബലിലും ഉയർന്ന ശബ്ദത്തിൽ ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കും. രാത്രി പത്തുമുതൽ രാവിലെ ആറുവരെ ഉച്ചഭാഷിണി ഉപയോഗം കർശനമായി നിരോധിക്കും. മൈക്ക് ഓപ്പറേറ്റർമാർക്കും സംഘാടകർക്കുമെതിരെ വിവിധ നിയമങ്ങളനുസരിച്ച് ശിക്ഷണ നടപടികൾ സ്വീകരിക്കും.

പൊതുജനങ്ങൾക്ക് ശബ്ദമലിനീകരണം സംബന്ധിച്ച പരാതികൾ 606 2 606 എന്ന ടോൾ ഫ്രീ നമ്പറിൽ അറിയിക്കാം.

Tags : സ്ക്വാഡുകൾ ശബ്ദമലിനീകരണം

Like Share 0

# ശബ്ദമലിനീകരണം: ഇന്നുമുതൽ പരിശോധന

Published: Feb 13, 2018, 07:00 AM IST







**തിരുവനന്തപുരം:** പരീക്ഷക്കാലത്തുള്ള ശബ്ദമലിനീകരണത്തിനെതിരേ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ പരിശോധന കർശനമാക്കുന്നു. ഉച്ചഭാഷിണികൾ അനുവദനീയമായതോതിലും കൂടുതൽ ശബ്ദത്തിൽ ഉപയോഗിക്കുന്നത് പരിശോധിക്കുന്നതിന് അസിസ്റ്റന്റ് കളക്ടർ അനുപം മിശ്രയുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപവത്കരിച്ചതായി ജില്ലാ കളക്ടർ ഡോ. കെ.വാസുകി അറിയിച്ചു.

ചൊവ്വാഴ്ച മുതൽ വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തും. തഹസിൽദാർ, ബന്ധപ്പെട്ട സ്റ്റേഷൻഹൗസ് ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധികൾ എന്നിവരടങ്ങുന്നതാണ് സ്ക്വാഡ്.

പൊതുനിരത്തുകളിൽ 75 ഡെസിബെലിലും ജനവാസകേന്ദ്രങ്ങളിൽ 65 ഡെസിബെലിലും ഉയർന്ന ശബ്ദത്തിൽ ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നവർക്കെതിരേ നടപടി സ്വീകരിക്കും. രാത്രി പത്തുമുതൽ രാവിലെ ആറുവരെയുള്ള സമയത്ത് ഉച്ചഭാഷിണി ഉപയോഗം കർശനമായി നിരോധിക്കും. മൈക്ക് ഓപ്പറേറ്റർമാർക്കും സംഘാടകർക്കുമെതിരേ വിവിധ നിയമങ്ങളനുസരിച്ച് തടവും പിഴയുമടക്കമുള്ള ശിക്ഷണനടപടികൾ സ്വീകരിക്കുമെന്നും അവർ അറിയിച്ചു. പൊതുജനങ്ങൾക്ക് ശബ്ദമലിനീകരണം സംബന്ധിച്ച പരാതികൾ 6062606 എന്ന ടോൾ ഫ്രീ നമ്പറിൽ അറിയിക്കാം.

Like 0 Share